# കേരള കാർഷിക സർവ്വകലാശാല


**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,**

**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**

**Email: cohagmet@kau.in&kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 07/2020 (13), ചൊവ്വാഴ്ച — തീയ്യതി 11.02.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 12.02.2020 | 13.02.2020 | 14.02.2020 | 15.02.2020 | 16.02.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 34 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 250 | 250 | 270 |
| മേഘവ്യാപ്തി (ഒക്ട) | 2 | 3 | 5 | 6 | 4 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ മഴയ്ക്ക് സാധ്യത ഇല്ലാത്തതിനാൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (പാലുറയ്ക്കുന്ന പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 2.5 മി.ലി ക്ലോർപൈറിഫോസ് അല്ലെങ്കിൽ 2 മി.ലി ക്യൂനാൽഫോസ് ഒരുലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലും, ദ്വാരങ്ങളിലും നല്ലവിധം ഇറങ്ങി ചെല്ലത്തക്കവിധം തളിച്ച് കൊടുക്കാവുന്നതാണ്. |
| മുളക് | മണ്ഡരി | മുളകിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കുരലടപ്പൻ, കുളമ്പ് രോഗം എന്നിവയുടെ പ്രതിരോധകുത്തിവെപ്പ് എടുക്കുക. ചാണക പരിശോധന നടത്തി ആവശ്യമെങ്കിൽ വിര മരുന്ന് നൽകുക.(CAADECCS, KVASU, മണ്ണുത്തി) | |